# 92. മയക്കമരുന്നുകൾക്കെതിരെ അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകൾ

സ്കൂളുകളിലെ വാർഷികയോഗങ്ങൾക്ക് കൊഴുപ്പുകൂട്ടുക, ചിലപ്പോൾ സൗകര്യക്കുറവുകൾ നികത്തുവാൻ സംഭാവനകൾ നൽകുക—ഇത്രയുമാണ് കേരളത്തിലെ അദ്ധ്യാപക–രക്ഷാകർത്തൃ സംഘടനകളിൽനിന്ന് ഇപ്പോൾ പ്രതീക്ഷിക്കപ്പെടുന്ന സേവനം. ചില സ്ഥലങ്ങളിൽ സ്കൂളുകളിലെ അച്ചടക്കം നിലനിറുത്തുന്നതിന് ഈ സംഘടനകൾ സഹായിക്കുമെന്നും ഉദ്ദേശിക്കപ്പെടുന്നുണ്ട്.

വളരുന്ന തലമുറയുടെ മാനസികവും ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിന് അദ്ധ്യാപക–രക്ഷാകർത്തൃ സംഘടനകളുടെ നിരന്തര ജാഗ്രത കൂടിയേ കഴിയൂ എന്ന നില ഈയിടെ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥിതി ഇനിയങ്ങോട്ടു വളരെ വർഷങ്ങളോളം തുടർന്നുപോവുമെന്നാണു കരുതേണ്ടത്.

കറുപ്പിൽ(ഓപ്പിയത്തിൽ)നിന്നെടുക്കുന്ന ഹെറോയ്ൻ, ബ്രൗൺഷുഗർ എന്നീ മയക്കമരുന്നുകളെപ്പറ്റി നാം ധാരാളം കേൾക്കുന്നുണ്ട്. കഞ്ചാവിനെപ്പറ്റിയും നമുക്ക് അറിയാം. സമ്പന്നരാജ്യങ്ങളിലെ യുവജനങ്ങൾ വലിയ തോതിൽ ഈ മയക്കമരുന്നുകൾക്ക് അടിമകളാകുന്നതിനെപ്പറ്റിയും നാം മനസ്സിലാക്കിയിട്ടുണ്ട്.

എന്നാൽ, മയക്കമരുന്നുകൾ വിറ്റഴിക്കുന്നതിനുള്ള വലിയ ഒരു വിപണിയായി ഇന്ത്യ മാറിക്കഴിഞ്ഞ വിവരം നമ്മിൽ പലരും ഇനിയും വ്യക്തമായി ധരിച്ചിട്ടില്ല. പടിഞ്ഞാറെ ഏഷ്യയിൽ ഇറാൻ, പാകിസ്ഥാൻ, അഫ്ഘാനിസ്ഥാൻ എന്നീ രാജ്യങ്ങൾ ഉൾപ്പെട്ട 'സ്വർണച്ചന്ദ്രക്കല' പ്രദേശത്തുനിന്നും കിഴക്കേ ഏഷ്യയിൽ തായ്‌ലൻഡ്, ലാവോസ്, കമ്പൂച്ചിയ, ബർമ മുതലായ രാജ്യങ്ങൾ ഉൾപ്പെട്ട 'സ്വർണ ത്രികോണ' പ്രദേശത്തുനിന്നും കള്ളക്കടത്തായി മുമ്പ് ഇന്ത്യയിലൂടെ യൂറോപ്പിലേക്കും അമേരിക്കയിലേക്കും പ്രവഹിച്ചിരുന്ന ഹെറോയ്നും ബ്രൗൺഷുഗറും ഇപ്പോൾ ഇന്ത്യയിൽത്തന്നെയുള്ള യുവജനങ്ങളുടെ 'ഹരം' ആയി മാറിക്കഴിഞ്ഞിരിക്കയാണ്. ഇന്ത്യയ്ക്കകത്തുതന്നെ ഹിമാലയച്ചെരുവുകളിൽ ധാരാളം കറുപ്പുകൃഷിയും കറുപ്പുസംസ്കരണവും സർക്കാരിന്റെ അറിവോടെയും അറിവില്ലാതെയും നടന്നുവരുന്നുണ്ട്. ലോകത്തിലെ കഞ്ചാവുകൃഷിസംസ്കരണഭൂപടത്തിൽ കേരളത്തിന്, പ്രത്യേകിച്ച് ഇടുക്കി ജില്ലയ്ക്ക്, സ്ഥാനം ലഭിച്ചിട്ട് ഏതാനും വർഷങ്ങളായി. കേരളത്തിലെ യുവജനങ്ങൾ, പ്രത്യേകിച്ച് വിദ്യാർത്ഥികൾ, വലിയ തോതിൽ മയക്കമരുന്നുകൾക്ക് അടിമകളായിത്തീർന്നുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ ഇക്കാര്യം നാം ഇനിയും ശ്രദ്ധിച്ചുതുടങ്ങിയിട്ടില്ല.

## കേരളത്തിൽ

കേരളത്തിൽ മയക്കമരുന്നുകച്ചവടത്തിന്റെ വലിയ ഒരു ഇടത്താവളം കാസർകോഡ് ആണെന്നു പറയപ്പെടുന്നു. ഇവിടെനിന്ന് 1,80,000 രൂപ വിലവരുന്ന ബ്രൗൺഷുഗർ സർക്കാർ പിടിച്ചെടുത്തതായി ജൂൺ 6-ാം തീയതിയിലെ 'മാതൃഭൂമി'യിൽ റിപ്പോർട്ട് ചെയ്തിരുന്നു. കാസർകോഡ് ജില്ലയിൽ ആറാമത്തേതും നഗരത്തിൽ മൂന്നാമത്തേതുമാണ് ഈ ബ്രൗൺഷുഗർ വേട്ട എന്ന് ആ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. കേരളത്തിലെ മറ്റു സ്ഥലങ്ങളിൽനിന്നു വ്യാപകമായ തോതിൽ ബ്രൗൺഷുഗറും ഹെറോയ്നും പിടിച്ചെടുക്കപ്പെടുന്നതായി വാർത്തകൾ കാണാറുണ്ട്. ഇടുക്കി ജില്ലയിലെ നിയമവിരുദ്ധങ്ങളായ കഞ്ചാവുതോട്ടങ്ങൾ വൻ

തോതിൽ നശിപ്പിക്കുന്നതിനെപ്പററി നമ്മുടെ പത്രങ്ങളിൽ കൂടെക്കൂടെ റിപ്പോർട്ടുകൾ പ്രസിദ്ധീകൃതങ്ങളാകുന്നുണ്ട്.

കേരളത്തിൽ കോളേജുകളുടെയും ഹൈസ്കൂളുകളുടെയും പരിസരങ്ങളിൽ വലിയതോതിൽ ബ്രൗൺഷുഗറും കഞ്ചാവും വിററുവരുന്നതായി കരുതപ്പെട്ടുവരുന്നുണ്ട്. തന്റെ സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കിടയിൽ വളരെ വ്യാപകമായിക്കഴിഞ്ഞിട്ടുള്ള കഞ്ചാവുലഹരിയെപ്പററി ദക്ഷിണകേരളത്തിലെ ഒരു സർക്കാർ കോളേജിന്റെ പ്രിൻസിപ്പാൾ അതിയായ ഹൃദയവേദനയോടെ ഈയിടെ എനിക്ക് എഴുതുകയുണ്ടായി. മയക്കമരുന്നുകൾക്ക് അടിമകളായിക്കഴിഞ്ഞ വിദ്യാർത്ഥികളുമായി ഇടപെടേണ്ടിവന്നിട്ടുള്ള എത്രയോ അദ്ധ്യാപകരെ എനിക്ക് അറിയാം. കോഴിക്കോട് നഗരമധ്യത്തിലെ പ്രശസ്തമായ ഒരു ഹൈസ്കൂളിലെ ഒരു രക്ഷാകർത്തൃസമ്മേളനത്തിൽ വിദ്യാർത്ഥികളുടെ മയക്കമരുന്ന് ഉപയോഗത്തെപ്പററി ഞാൻ ഈയിടെ സംസാരിക്കുകയുണ്ടായി. പ്രസംഗം കഴിഞ്ഞതിനുശേഷം രക്ഷിതാക്കളിൽ പലരും സ്വകാര്യമായി എന്നോടു പറഞ്ഞതു് ആ സ്കൂളിന്റെ ചുററുമുള്ള പല രാടക്കടകളും ലഹരിമരുന്നു വില്പനകേന്ദ്രങ്ങളാണെന്നു തങ്ങൾക്കറിയാമെന്നും പക്ഷേ, ഈ മരുന്നുകളുടെ വില്പന തടയുന്നതിൽ തങ്ങൾ നിസ്സഹായരാണെന്നുമായിരുന്നു.

## ദില്ലിയിൽ

മയക്കമരുന്നുകളുടെ ഉപയോഗം ദില്ലിയിൽ വളരെ വ്യാപകമായിക്കഴിഞ്ഞിട്ടുണ്ട്. മയക്കമരുന്നുകൾക്ക തികച്ചും അടിമകളായിക്കഴിഞ്ഞ ഒരുലക്ഷം പേരെങ്കിലും നമ്മുടെ രാഷ്ട്രതലസ്ഥാനത്തിലുണ്ടെന്ന് ഔദ്യോഗികമായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ലോകത്തിൽ ഏററവുമധികം മയക്കമരുന്നടിമകളുള്ള പ്രദേശങ്ങളിലൊന്നാണ് ദില്ലിയുടെ മധ്യത്തിലുള്ള 'പഹാഡ്ഗഞ്ജ്' പ്രദേശമെന്ന് ഐക്യരാഷ്ട്രസംഘടനയുടെ ഒരു പ്രസിദ്ധീകരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പട്ടേൽ നഗർ, കോണാട്ട്പ്ലെയ്സ് മുതലായ പ്രദേശങ്ങളും ദില്ലിയിലെ മയക്കമരുന്നുവില്പന ഉപഭോഗകേന്ദ്രങ്ങളാണ്.

നാൾതോറും വളർന്നുവരുന്ന ഈ വിപത്തിനെപ്പററി കേന്ദ്രസർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. മയക്കമരുന്ന് ഉപയോഗത്തിന്റെ ദോഷങ്ങൾ ചൂണ്ടിക്കാണിക്കുന്നതും ഒരിക്കൽ അതിന് അടിമകളായിക്കഴിഞ്ഞവർക്ക് അതിൽനിന്നു മോചനം നേടുന്നതിനുള്ള മാർഗങ്ങൾ ഉപദേശിക്കുന്നതുമായ ചെറു ഫിലിമുകൾ ദൂരദർശനിൽ തുടർച്ചയായി പ്രക്ഷേപണംചെയ്തുവരുന്നതു് ഇതിന്റെ തെളിവാണ്. 1986 ആഗസ്റ്റിൽ 'ആശിയാന' എന്ന പേരിൽ ഒരു മയക്കമരുന്ന്—അടിമത്ത വിമോചനകേന്ദ്രം (ഡ്രഗ് ഡീ—അഡിക്ഷൻ സെൻറർ) ദില്ലി മുനിസിപ്പാലിററി ആരംഭിക്കുകയുണ്ടായി. ഇരുപതു കട്ടിലുകളുള്ള ഈ കേന്ദ്രത്തിൽ ചികിത്സയ്ക്കു വന്ന രണ്ടായിരത്തോളം മയക്കമരുന്ന് അടിമകളിൽനിന്ന് ആയിരത്തഞ്ഞൂറു പേരെ ആസ്പത്രിയിൽ കിടത്തി പല ദിവസങ്ങളോളം നിഷ്കൃഷ്ടമായി പഠിച്ചശേഷം മയക്കമരുന്നിനെതിരായ സമരത്തിലെ തന്ത്രങ്ങൾ പുനർനവീകരിക്കാൻ ദില്ലി മുനിസിപ്പാലിററി തീരുമാനിച്ചതായി ഈയിടെ പത്രവാർത്തകൾ ഉണ്ടായിരുന്നു. 'ആശിയാന'യ്ക്കു പുറമെ അമ്പതു കട്ടിലുകളുള്ള മറെറാരു മയക്കമരുന്നു ചികിത്സാകേന്ദ്രംകൂടി ദില്ലി മുനിസിപ്പാലിററി ഉടൻതന്നെ ആരംഭിക്കുന്നതാണ്.

## പഠനം

മയക്കമരുന്നടിമകളെപ്പററി ദില്ലി മുനിസിപ്പാലിററി നടത്തിയ പഠനം വിജ്ഞേയങ്ങളായ പല വിവരങ്ങളും പുറത്തു കൊണ്ടുവന്നിട്ടുണ്ട്. പഠനവിധേയരാക്കിയ 1500 പേരിൽ 172 പേർ നിരക്ഷരരും 346 പേർ പ്രാഥമിക

വിദ്യാഭ്യാസം മാത്രം നേടിയവരും 350 പേർ മിഡിൽ സ്കൂളിൽ പഠിച്ചവരും 406 പേർ ഹയർ സെക്കൻഡറി വിദ്യാഭ്യാസം ലഭിച്ചവരും 124 പേർ സാധാരണ ബിരുദധാരികളും 102 പേർ പോസ്റ്റ് ഗ്രാജ്വേററ് ബിരുദധാരികളുമായിരുന്നു. മയക്കമരുന്നുകൾക്ക് അടിമകളാകുന്നവർ കൂടുതലും വിദ്യാർത്ഥികളാണെന്നതാണ് ഇതിൽനിന്നുള്ള നിഗമനം. അതിനാൽ മയക്കമരുന്നിനെതിരായ പ്രചാരണപ്രവർത്തനം സ്കൂളുകളെ കേന്ദ്രമാക്കി വേണം നടത്താനെന്നും മയക്കമരുന്നുകളുടെ ദോഷങ്ങൾ വിവരിക്കുന്ന പാഠങ്ങൾ പ്രാഥമിക ക്ലാസ്സുകൾമുതൽ സ്കൂൾ സിലബസ്സിൽ ഉൾപ്പെടുത്തണമെന്നും ഡില്ലി മുനിസിപ്പൽ അധികൃതർ തീരുമാനിച്ചിട്ടുണ്ട്.

മയക്കമരുന്നു വിപത്തിനെപ്പററി കുട്ടികളുടെ രക്ഷിതാക്കളെയും യുവജനങ്ങളെയും പറഞ്ഞു മനസ്സിലാക്കുന്നതിന് ലഘുലേഖകൾ, ടെലിവിഷൻ, റേഡിയോ, തെരുവുനാടകങ്ങൾ, ചെറു ഫിലിമുകൾ മുതലായവ ഉപയോഗിച്ച് ഒരു ബഹുജനബോധവല്ക്കരണപരിപാടി ആരംഭിക്കാനും ഡില്ലി മുനിസിപ്പാലിററിക്ക് ഉദ്ദേശ്യമുണ്ട്. രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ നിരന്തരം ശ്രദ്ധിക്കുകയും അവരുടെ പെരുമാററത്തിൽ അസാധാരണമായി എന്തെങ്കിലും കണ്ടാൽ ആ വിവരം അദ്ധ്യാപകരെയും മയക്കമരുന്നുചികിത്സാകേന്ദ്രങ്ങളിലെ ഡോക്ടർമാരെയും അറിയിച്ച് ഉടൻ പ്രതിവിധികൾ കൈക്കൊള്ളുകയും വേണം. അയൽക്കാർക്കും സ്വയംസേവക സംഘടനകൾക്കും ഈ കാര്യത്തിൽ ഗണ്യമായ സേവനം അനുഷ്ഠിക്കാൻ കഴിയുമെന്ന് ഡില്ലി മുനിസിപ്പാലിററി കരുതുന്നു.

ഡില്ലിയിൽ പഠനവിധേയരാക്കിയ 1500 മയക്കമരുന്ന് അടിമകളിൽ 662 പേർ ഡ്രൈവർമാരായിരുന്നു. രാത്രിയിൽ വണ്ടി ഓടിക്കുമ്പോൾ ക്ഷീണം തോന്നാതിരിക്കാനാണു മയക്കമരുന്ന് ഉപയോഗിക്കുന്നതെന്ന് ഇവരിൽ പലരും പറയുകയുണ്ടായി. സ്ഥിരമായി ജോലി കിട്ടാത്തവരായിരുന്നു ഡില്ലി മയക്കമരുന്നടിമകളിൽ 1032 പേർ; അവരിൽ 242 പേർക്ക് ഒരു ജോലിയും ഉണ്ടായിരുന്നില്ല.

സഹ-വിദ്യാർത്ഥികളോ സഹപ്രവർത്തകരോ നിർബന്ധിച്ചതിന്റെ (പിയർ പ്രഷർ) ഫലമായാണ് 1500-ൽ 530 പേർ മയക്കമരുന്ന് ഉപയോഗിച്ചുതുടങ്ങിയത്. ഏതാണ്ട് അത്രയും പേർ കുടുംബപ്രശ്നങ്ങൾ കാരണം ഈ ദുശ്ശീലം ആരംഭിച്ചവരാണ്. 432 പേരെ മാനസികപ്രശ്നങ്ങൾ ഈ മാർഗത്തിലേക്കു നയിച്ചു; 234 പേർക്കു ദാമ്പത്യത്തിലെ പൊരുത്തക്കേടുകളാണ് മയക്കമരുന്നുപയോഗത്തിനു പ്രേരണ നൽകിയത്. മാതാപിതാക്കൾ മയക്കമരുന്ന് ഉപയോഗിച്ചിരുന്നതിനാൽ തങ്ങളും മയക്കമരുന്നടിമകളായിത്തീർ എന്ന് 485 പേർ പറയുകയുണ്ടായി.

ചികിത്സയിലൂടെ മയക്കമരുന്നിന്റെ അടിമത്തത്തിൽനിന്നു മോചനം നേടിയവരിൽ പലരും ആസ്പത്രി വിട്ട് പഴയ ചുററുപാടുകളിൽ തിരിച്ചെത്തുമ്പോൾ വീണ്ടും മയക്കമരുന്ന് ഉപയോഗിക്കാൻ തുടങ്ങുന്നതായി കാണപ്പെട്ടു. അതിനാൽ, മയക്കമരുന്നിനെതിരായ ചികിത്സ ദീർഘകാലം ഇളവില്ലാത്ത ജാഗ്രതയോടെ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. മയക്കമരുന്നടിമകളുടെ പുനരധിവാസം വളരെ ശ്രദ്ധാപൂർവം നിർവഹിക്കേണ്ടതാണ് എന്നു സാരം.

മയക്കമരുന്നിനെതിരായ സമരത്തിന് നേതൃത്വം നൽകേണ്ടത് മാതാപിതാക്കളും അദ്ധ്യാപകരുംതന്നെയാണ്. ധർമബോധവും ഇച്ഛാശക്തിയും കുട്ടികളിൽ വളർത്തി ഒരിക്കൽപ്പോലും മയക്കമരുന്ന് ഉപയോഗിക്കാനുള്ള പ്രലോഭനത്തിൽനിന്നു വളരെ ചെറുപ്പത്തിൽ അവരെ തീർത്തും മോചിപ്പിക്കേണ്ടതാണ്. മയക്കമരുന്നിനെ സംബന്ധിച്ചിടത്തോളം രോഗചികിത്സയെക്കാൾ നല്ലത് രോഗം വരാതെ നോക്കൽതന്നെയാകുന്നു.

മയക്കുമരുന്നുകൾക്ക് എതിരായി നിലവിലുള്ള നിയമങ്ങൾ സർക്കാർ കർശനമായി നടപ്പിൽ വരുത്താത്തപക്ഷം ആർ എത്ര യത്നിച്ചാലും യുവജനങ്ങൾക്കിടയിൽ ഈ തിന്മ വേരുറയ്ക്കുമെന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ, ഈ ബോധം സർക്കാരിന് ഉണ്ടായിട്ടുണ്ടോ? സർക്കാരിന്റെ അറിവോ മനസ്സമ്മതമോ കൂടാതെയാണോ ഇടുക്കി ജില്ല വലിയൊരു കഞ്ചാവുതോട്ടമായി മാറിയത്?

സർക്കാരിന്റെ ടൂറിസം വകുപ്പു നടത്തുന്ന വലിയൊരു ഹോട്ടലിൽ തേയിലയോടൊപ്പം ഉണക്കിപ്പൊടിച്ച കഞ്ചാവില കൂട്ടിച്ചേർത്തു തയ്യാറാക്കുന്ന 'കഞ്ചാവ് ചായ' ആവശ്യക്കാർക്കു നല്കിവരുന്നുണ്ടെന്ന് അവിടെ പാചകനായിരുന്ന ഒരു സുഹൃത്ത് എന്നോടു പറയുകയുണ്ടായിട്ടുണ്ട്. 'കഞ്ചാവുചായ' പോലെ കഞ്ചാവുദോശ, കഞ്ചാവ് ഓംലെറ്റ് മുതലായ വിഭവങ്ങളും പല വലിയ ഹോട്ടലുകളിലും കിട്ടുമത്രേ. ഈ ആരോപണം നിഷേധിക്കാൻ ടൂറിസം വകുപ്പുകാർക്കു കഴിയുമോ?

അതെന്തായാലും കുട്ടികളെ ഈ മാരകമായ വിപത്തിൽനിന്നു രക്ഷിക്കുവാൻ കേരളത്തിലെ അദ്ധ്യാപകരും രക്ഷിതാക്കളും സംഘടിതയത്നം ആരംഭിക്കേണ്ടിയിരിക്കുന്നു. ഓരോ വിദ്യാലയത്തിലുമുള്ള അദ്ധ്യാപക–രക്ഷാകർത്തൃ സംഘടനകളെ ഊർജിതപ്പെടുത്തണം; വിദ്യാലയങ്ങൾക്കു ചുറ്റുമുള്ള മയക്കുമരുന്നു കച്ചവടം കർശനമായി തടയണം; കുട്ടികളിൽ മയക്കുമരുന്ന് ഉപയോഗിക്കുന്ന ശീലം ഉള്ളവരെ കണ്ടുപിടിച്ചു ചികിത്സിക്കണം. മറ്റു കുട്ടികൾക്ക് മയക്കുമരുന്നു വിപത്തിനെപ്പറ്റി ശരിയായ അറിവ് ഉണ്ടാക്കിക്കൊടുക്കുകയും വേണം.

ദില്ലിയിലെന്നപോലെ കേരളത്തിലും പ്രാഥമിക ഘട്ടംമുതൽ കോളേജ് ഘട്ടംവരെ വിദ്യാലയങ്ങളിൽ മയക്കുമരുന്നുകൾക്കെതിരായ ഒരു ബോധവല്ക്കരണപ്രസ്ഥാനം ആരംഭിക്കാൻ സമയമായി എന്ന് എനിക്കു തോന്നുന്നു.

ഉദ്ബുദ്ധരായ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

(8 ജൂൺ, 1988)

## 93. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പുകൾ

കല്ലേറ്, കത്തിക്കുത്ത്, തീവെപ്പ്, തെരുവുയുദ്ധം, നാടൻബോംബു പൊട്ടിക്കൽ മുതലായവ ജനാധിപത്യത്തിന്റെ അനപേക്ഷണീയ സവിശേഷതകളാണെങ്കിൽ ആണ്ടുതോറും സ്കൂളുകളിലെ 'പാർലമെന്റു'കളിലേക്കു നടക്കുന്ന തിരഞ്ഞെടുപ്പുകൾ ജനാധിപത്യപ്രക്രിയയിൽ ഫലപ്രദമായ പരിശീലനമാണു നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾക്കു നൽകുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്കൂളുകളിൽനിന്നു കോളേജുകളിലൂടെയും പാരലൽ കോളേജുകളിലൂടെയും കടന്നു പ്രായപൂർത്തിയെത്തിയ പൗരന്മാരായി പുറത്തുവരുമ്പോഴേക്കും ഈ കുഞ്ഞുങ്ങളിൽ വലിയ ഒരു വിഭാഗം ഏതു് അക്രമത്തിനും ഉളുപ്പില്ലാത്ത മുഷ്കരന്മാരും റൗഡികളുമായി പരിണമിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

ജൂലൈ 15-ാം തീയതി കേരളത്തിലുടനീളം ആയിരത്തിനാനൂറോളം ഹൈസ്കൂളുകളിൽ 'പാർലമെന്റു'കളിലേക്കു നടന്ന തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച പത്രവാർത്തകൾ നിരത്തിവെച്ചാണു ഞാൻ ഇതെഴുതുന്നത്. കേരളത്തിൽ എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും തനതായ വിദ്യാർത്ഥിസംഘടനകളുണ്ട്. മാർക്സിസ്റ്റ്പാർട്ടിയുടെ എസ്. എഫ്. ഐ., കോൺഗ്രസ്–ഐ. യുടെ കെ. എസ്. യു., മുസ്ലിംലീഗിന്റെ എം. എസ്. എഫ്., ഭാരതീയ ജനതാ